കേരളസർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ഗ്രാമവികസനം - ജീവനക്കാര്യം - അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ 1997-98 വർഷങ്ങളിൽ നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പെർഫോമൻസ് ആഡിറ്റ് ടീം നടത്തിയ സ്പെഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.കെ.ഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ്കുമാർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ( ഇആർബി) വകുപ്പ്**

**സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 138/2013/തസ്വഭവ, തിരുവനന്തപുരം,തീയതി, 17.01.2014**

---

പരാമർശം:-1. ഗ്രാമവികസന കമ്മീഷണറേറ്റിലെ ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, ശ്രീ.എ.മോഹനകുമാറിന്റെ 30.11.2011-ലെ അന്വേഷണ റിപ്പോർട്ട്.

2. ഗ്രാമവികസന കമ്മീഷണറുടെ 21.02.2012-ലെ 14976/എസ്റ്റാഎ3/09/ഗ്രാവിക. നമ്പർ കത്തും 02.09.2013-ലെ 14976/എസ്റ്റാ.എ3/2013/സിആർഡി നമ്പർ കത്തും.
3. 03.12.2012 തീയതിയിലെ 57463/ഇആർബി1/2012/തസ്വഭവ. നമ്പർ കുറ്റപത്രം.
4. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായ സർവ്വശ്രീ. കെ.ഷൗക്കത്തലി, വി.എസ്.സന്തോഷ്കുമാർ എന്നിവർ യഥാക്രമം 22.04.2013, 15.04.2013 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദപത്രികകൾ.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ 1997-98 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിനെക്കുറിച്ച് നടത്തിയ പെർഫോമൻസ് ആഡിറ്റ് ടീമിന്റെ സ്പെഷ്യൽ ആഡിറ്റ് പ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ക്രമക്കേടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട കാര്യങ്ങളിന്മേൽ വിശദമായ അന്വേഷണം നടത്തി പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ട് പരാമർശം (2)-ലെ 21.02.2012-ലെ കത്ത് മുഖേന ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ വെങ്കക്കടവ് കുടിവെള്ള പദ്ധതിയിൽ ശ്രീ.കെ.ഷൗക്കത്തലി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരിക്കെ ജനകീയാസൂത്രണ പദ്ധതിയുടെ നിയമങ്ങൾ അനുസരിച്ച് നൽകാവുന്നതിൽ കൂടുതലായി ഈ പദ്ധതിയുടെ കൺവീനർ ശ്രീ.ആറുമുഖത്തിന് അഡ്വാൻസായി 1,26,788/- രൂപ നൽകിയെന്നും എന്നാൽ ഈ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ലെന്നും ടി തുക ശ്രീ.ആറുമുഖത്തിൽ നിന്നോ അതിന് കഴിയുന്നില്ലെങ്കിൽ അഡ്വാൻസ് നൽകിയ ശ്രീ.ഷൗക്കത്തലിയിൽ നിന്നോ ഈടാക്കേണ്ടതാണെന്നും അന്വേഷണ റിപ്പോർട്ടിൽ

പറയുന്നു. കൂടാതെ സാമ്പാർക്കടവ് പാലം നിർമ്മാണം പദ്ധതിയുടെ അടങ്കൽ സാങ്കേതികാനുമതിയില്ലാതെയും ബി.എൽ. ഇ.സി/ഡിഎൽ ഇ.സി എന്നിവയുടെ അംഗീകാരം വാങ്ങാതെ ചെയ്തതിന് ഉത്തരവാദി അന്ന് സെക്രട്ടറി ആയിരുന്ന ശ്രീ.ഷൗക്കത്ത് അലി ആണെന്നും ഈ പ്രവൃത്തിയുടെ കൺവീനറിൽ നിന്നും തിരിച്ചു പിടിക്കാൻ വിട്ടു പോയ 1000/- രൂപ അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ.വി.എസ്.സന്തോഷ്കുമാറിൽ നിന്നും ഈടാക്കേണ്ടതാണെന്നും അതുപോലെ 3-ാം പാർട്ട് ബില്ല് നല്കിയപ്പോൾ റീറ്റെൻഷൻ തുക പിടിച്ചു വയ്ക്കേണ്ടിയിരുന്നത് അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ.സന്തോഷ്കുമാറായിരുന്നുവെന്നും എന്നാൽ നിലവിലുള്ള കൺവീനറെ മാറ്റാൻ തീരുമാനിച്ചതു കാരണം റീറ്റെൻഷൻ തുക കൂടി റിലീസ് ചെയ്യുകയായിരുന്നുവെന്നും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.

മേൽ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വശ്രീ. വി.എസ്.ഷൗക്കത്തലി, വി.എസ്.സന്തോഷ്കുമാർ എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകുകയും, ആയതിന് ടി ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സർക്കാരിൽ പ്രതിവാദപത്രികകൾ സമർപ്പിക്കുകയുമുണ്ടായി.

1997 സെപ്തംബർ 24-ാം തീയതിയിലെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ 13(7) പ്രകാരമാണ് ടിയാൻ വെങ്കക്കടവ് കുടിവെള്ള പദ്ധതിയുടെ അഡ്വാൻസ് നൽകിയതെന്നും, പ്രവർത്തി പുരോഗമിച്ചു കൊണ്ടിരിക്കുമ്പോൾ പ്രവർത്തിക്കാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള Invoice ഗുണഭോക്തൃ സമിതി കൺവീനർ സമർപ്പിച്ചിരുന്നതായും, ജനകീയാസൂത്രണ പദ്ധതിയിൽ പ്രതിപാദിച്ചിട്ടുള്ളതിൻ പ്രകാരമാണ് ടി പ്രവർത്തിയുടെ Invoice പരിശോധിച്ച് 90% വരുന്ന തുക മുൻകൂറായി ടിയാൻ അനുവദിച്ചു നൽകിയിട്ടുള്ളതെന്നും, സർക്കാർ ഉത്തരവുകളിൽ നിന്നും വിഭിന്നമായി ഒരു പൈസ പോലും അധികമായി നൽകിയിട്ടില്ലെന്നും ശ്രീ.ഷൗക്കത്തലിയുടെ പ്രതിവാദപത്രികയിൽ പറയുന്നു. കൂടാതെ അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവർത്തിയാണ് സാമ്പാർക്കടവ് പാലം നിർമ്മാണത്തിൽ നടപ്പിലാക്കിയതെന്നും, പ്രവർത്തിയുടെ മൂല്യ നിർണ്ണയം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ 1,05,250/- രൂപയുടെ മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 50,000/- രൂപ മാത്രമാണ് 12.01.1999-ൽ സെക്കേർഡ് അഡ്വാൻസായി നൽകിയിട്ടുള്ളതെന്നും, ആയതിനാൽ സെക്കേർഡ് അഡ്വാൻസ് നൽകിയത് ക്രമപ്രകാരമല്ലെന്ന നിഗമനം ശരിയല്ലെന്നും ശ്രീ.ഷൗക്കത്തലി ബോധിപ്പിച്ചിട്ടുണ്ട്.

സാമ്പാർക്കാട് നടപ്പാലം നിർവ്വഹണ പ്രവർത്തിയുടെ മൂന്നാം ഭാഗ ബിൽ മാത്രമാണ് ടിയാൻ നൽകിയിട്ടുള്ളതെന്നും, മുഴുവൻ മുൻകൂർ തുകകളും (3,08,627/- രൂപ) കുറച്ചാണ് ടി ബിൽ നൽകിയിട്ടുള്ളതെന്നും, 3,09,627/- രൂപയെന്നത് ശരിയല്ലെന്നും ഇക്കാര്യത്തിൽ സർക്കാരിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ലായെന്നും, ഗുണഭോക്തൃ

സമിതിയിൽ നിന്നും, റീട്ടെൻഷൻ തുക കുറവ് ചെയ്തിട്ടില്ലായെന്ന റിപ്പോർട്ട് നിയമപ്രകാരമല്ലാത്തതാണെന്നും, ഈ സാഹചര്യത്തിൽ 1000/- രൂപ അധികമായി നൽകിയെന്ന റിപ്പോർട്ട് ശരിയല്ലെന്നും. ശ്രീ.വി.എസ്.സന്തോഷ് കുമാർ നൽകിയ പ്രതിവാദപത്രികയിൽ പറയുന്നു.

തുടർന്ന് ടി ഉദ്യോഗസ്ഥരുടെ പ്രതിവാദപത്രികകളിന്മേൽ പരാമർശം (2)ലെ 02.09.2013-ലെ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 24.09.1997ലെ പൊതുമരാമത്ത് വകുപ്പിന്റെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം പണി തുടരുന്നതിനിടക്ക് ചെയ്ത പണികൾക്ക് ആനുപാതികമായി ഇടക്കാല പേമെന്റ് അനുവദിക്കാവുന്നതും, അതിൽ നിന്നും മുൻകൂർ തുകയുടെ ആനുപാതികമായ തുക തട്ടിക്കിഴിക്കാവുന്നതും, മുൻകൂർ തുകയുടെ ശേഷിച്ച തുകയും, സെക്വേർഡ് അഡ്വാൻസുകളും അവസാനത്തെ ബില്ലിൽ തട്ടിക്കിഴിക്കാവുന്നതുമാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളതെന്നും, ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത പദ്ധതികൾക്ക് മുൻകൂർ തുക നൽകുന്ന ചട്ടങ്ങളാണ് സർക്കാർ ഉത്തരവ് വഴി പുറപ്പെടുവിച്ചിട്ടുള്ളതെന്നും, ആയതിനാൽ ഇത്തരം പ്രവർത്തികൾ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്ത് ചെയ്യുമ്പോൾ റീറ്റെൻഷൻ തുക കുറവ് ചെയ്യണമെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടില്ലെന്നും, പ്രതിവാദപത്രികയിൽ ശ്രീ.സന്തോഷ്കുമാർ സൂചിപ്പിച്ചിട്ടുള്ള മുൻകൂർ തുകയായ 3,08,627/- രൂപ എന്നത് ഫയലുമായി ഒത്തു നോക്കുമ്പോൾ ശരിയാണെന്ന് ബോധ്യപ്പെടുകയുണ്ടായെന്നും, ആയതിനാൽ 1000 രൂപ കുറച്ച് 3-ാം പാർട്ട് ബിൽ കുറവ് ചെയ്തുവെന്ന കുറ്റാരോപണം വസ്തുതാപരമല്ലെന്നും, ടിയാനെതിരെയുള്ള അച്ചടക്ക നടപടി ഒഴിവാക്കുന്നതിനെ കുറിച്ച് തീരുമാനിക്കാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

അട്ടപ്പാടി ട്രൈബൽ ബ്ലോക്കിലെ വെങ്കക്കടവ് കുടിവെള്ള പദ്ധതി പൂർണ്ണ അളവിൽ പൂർത്തിയാക്കി കുടിവെള്ള വിതരണം ഉറപ്പു വരുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർ ജാഗ്രത കാണിച്ചില്ല എന്നത് വസ്തുതയാണെന്നും, ടി പദ്ധതിയുടെ ഗുണം വിവിധ കാരണങ്ങളാൽ ഈ കോളനിയിലെ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ലായെന്നും, ഈ പ്രവർത്തിയുടെ കൺവീനറായിരുന്ന ശ്രീ.ആറുമുഖൻ എന്നയാൾക്കെതിരെ 2,10,732/- രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ളതായും, സാമ്പാർക്കടവ് നടപ്പാലം പ്രവർത്തിയിൽ സാങ്കേതിക പരിശോധന ബന്ധപ്പെട്ട സമിതികളിൽ നിന്നും വാങ്ങാതെ ഭരണാനുമതി പുതുക്കാനുള്ള ബ്ലോക്ക് പഞ്ചായത്ത് തീരുമാനം എടുക്കുന്നതിൽ സെക്രട്ടറി എന്ന നിലയിൽ ശ്രീ.കെ.ഷൗക്കത്തലി വിയോജിപ്പ് രേഖപ്പെടുത്തിയില്ല എന്ന വീഴ്ച പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായകമായ നിലപാട് എടുത്തു എന്ന കാരണത്താൽ അംഗീകാരിക്കാമെങ്കിലും, വെങ്കക്കടവ് കുടിവെള്ള പദ്ധതിക്ക് സെക്വേർഡ് അഡ്വാൻസായി ഇൻവോയ്സിന്റെ 90 ശതമാനത്തിനു പകരം മുഴുവൻ തുകയും കൺവീനർ അറുമുഖത്തിന് കൈമാറി എന്ന കുറ്റം നിലനിൽക്കുന്നതിനാൽ

ശ്രീ.കെ.ഷൗക്കത്തലിയുടെ പേരിൽ അച്ചടക്ക നടപടി തുടരണമോ എന്ന കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കേണ്ടതാണെന്നും ഗ്രാമവികസന കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് കൂടുതൽ ശ്രദ്ധയും ഉത്തരവാദിത്വവും ഉണ്ടാകേണ്ടതായിരുന്നു. ഭാവിയിൽ പദ്ധതി നടത്തിപ്പിൽ ഇത്തരത്തിലുള്ള വീഴ്ച ഉണ്ടാകാതെ ശ്രദ്ധയോടും ഉത്തരവാദിത്വത്തോടും കൂടി ടി ഉദ്യോഗസ്ഥർ പ്രവർത്തിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ അട്ടപ്പാടി ബ്ലോക്കിലെ 1997-98വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരായിരുന്ന ശ്രീ.കെ.ഷൗക്കത്തലി, ശ്രീ.വി.എസ്.സന്തോഷ്കുമാർ എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി, ടി ഉദ്യോഗസ്ഥർക്ക് 'സെൻഷ്വർ' നൽകി തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

വി.ജോഷി
സ്പെഷ്യൽ സെക്രട്ടറി

ശ്രീ.കെ.ഷൗക്കത്തലി, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി
ശ്രീ.വി.എസ്.സന്തോഷ്കുമാർ, മുൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അട്ടപ്പാടി
(ഗ്രാമവികസന കമ്മീഷണർ മുഖേന)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ